പി.എസ്.സി.-യിലെ അഴിമതിയും ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളും

9 (4336) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. എന്ന ഭരണഘടനാ സ്ഥാപനത്തിലെ കെടുകാര്യസ്ഥതയും അഴിമതിയും സംബന്ധിച്ച് സംസ്ഥാനത്തെ ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും ഇവയ്ക്ക് പ്രശ്ന പരിഹാരം നടക്കാത്തതുമൂലവും ബഹു. ഗവർണർ തന്നെ തനിക്കു ലഭിച്ച പരാതികളിന്മേൽ അന്വേഷണവും റിപ്പോർട്ടും ആവശ്യപ്പെട്ടുന്നത് ഇതിനുമുൻപ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ ഏതു കാലഘട്ടത്തിൽ ;

(ബി) 2011 മുതൽ 2015 വരെ പി.എസ്.സി.-ക്ക് ലഭിച്ച കേന്ദ്ര/സംസ്ഥാന ഫണ്ടുകളിൽ വകമാറ്റി ചെലവാക്കിയ തുക എത്രയെന്നു വ്യക്തമാക്കാമോ ; അവയ്ക്ക് സർക്കാർ അനുമതി ലഭിച്ചുവോ എന്നും സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ച പദ്ധതി/പദ്ധതിയിതര വിഹിതം വിനിയോഗിച്ച കേസ്സുകൾ ഏതെല്ലാം എന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പി.എസ്.സി. 2011 മുതൽ 2015 വരെ ഓരോ വർഷവും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ എവിടെല്ലാം തുടങ്ങി ; എത്ര എണ്ണം ഇപ്പോൾ പണിപ്പുരയിലാണ് ; ഇവയ്ക്കോരോന്നിനും പ്രതീക്ഷിച്ച തുക എത്ര ; ചെലവായ തുക എത്ര ; ഓരോ കേന്ദ്രത്തിന്റേയും പണി നടത്തിയവർ ആരെല്ലാം (സ്ഥാപനം) എന്നിവ വ്യക്തമാക്കുമോ ;

(ഡി) പി.എസ്.സി. പരീക്ഷയ്ക്ക് ഒരു വിദ്യാർത്ഥിക്ക് എത്ര രൂപ ചെലവാണ് പി.എസ്.സി.-യുടെ നിലനിൽക്കുന്ന പരീക്ഷാ സമ്പ്രദായത്തിനുള്ളത് ഓൺലൈൻ ആയാൽ പി.എസ്.സി. പ്രതീക്ഷിക്കുന്ന പരീക്ഷാ ചെലവ് എത്ര ; ഇപ്പോൾ തുടങ്ങിയ ഓൺലൈൻ കേന്ദ്രങ്ങൾക്ക് ചെലവായ തുക എത്ര ; പണികൾ നടത്തിയവർ ആരെല്ലാം (കമ്പനി ഉൾപ്പെടെ) പ്രസ്തുത കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുവാനെത്തുന്ന ഉദ്യോഗാർത്ഥിക്ക് ഉണ്ടാകുന്ന (പി.എസ്.സി. കണക്കു പ്രകാരമുള്ള) ചെലവ് എത്ര ; വ്യക്താക്കുമോ ;

(ഇ) നിലവിൽ പ്രവർത്തനമാരംഭിച്ച ഓൺലൈൻ സെൻറുകളിൽ ഒരു ദിവസം എത്ര ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുവാൻ കഴിയും ; മറ്റു സ്ഥാപനങ്ങളെ ഇതിനായി പി.എസ്.സി. ഉപയോഗിക്കുന്നുവോ ; ഓരോ വർഷവും ഇതിനായി എത്ര തുക ചെലവു വരും ; മറ്റു സ്ഥാപനങ്ങൾ വാടകയ്ക്കുപയോഗിക്കുന്നതിന് എത്ര ചെലവു വരും ; ഇവ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2011 മുതൽ 2015 വരെ പി.എസ്.സി.-ക്ക് ലഭിച്ച കേന്ദ്ര/സംസ്ഥാന ഫണ്ടുകളിൽ നിന്നും വകമാറ്റി ചെലവഴിച്ചിട്ടില്ല. കേന്ദ്ര സർക്കാർ ACA ആയി അനുവദിച്ച 5 കോടി രൂപയിൽ ഒരു രൂപ പോലും വകമാറ്റി ചെലവാക്കിയിട്ടില്ല.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നീ മൂന്ന് ജില്ലകളിലെ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പരീക്ഷാ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഈ കേന്ദ്രങ്ങൾക്കായി പ്രതീക്ഷിച്ച തുക, ചെലവായ തുക എന്നിവ താഴെ കൊടുത്തിരിക്കുന്നു.

ജില്ല	പ്രതീക്ഷിച്ച തുക	ചെലവായ തുക
തിരുവനന്തപുരം	4,56,06,698	4,56,06,698
പത്തനംതിട്ട	1,45,11,415	1,45,11,415
എറണാകുളം	3,29,76,202	3,29,76,202

KEL, KELTRON, BSNL എന്നീ സ്ഥാപനങ്ങളാണ് ഇവയുടെ നിർമ്മാണം നടത്തിയിട്ടുള്ളത്.

(ഡി) പി.എസ്.സി.-യിലെ പരീക്ഷാ നടപടികൾ വിവിധ ഘട്ടങ്ങളായാണ് നടത്തുന്നത്. അതിനാൽ ഓൺലൈൻ പരീക്ഷാ നടത്തിപ്പിന്റെ കാര്യത്തിൽ ഒരു ഉദ്യോഗാർത്ഥിക്ക് എത്ര രൂപ ചെലവാകും എന്നത് കണക്കാക്കിയിട്ടില്ല. ഓൺലൈൻ പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികളിൽനിന്നും പി.എസ്.സി. തുകയൊന്നും ഈടാക്കുന്നില്ല. ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളുടെ നിർമ്മാണത്തിനായി തിരുവനന്തപുരം കേന്ദ്രത്തിന് 4,56,06,698 രൂപയും പത്തനംതിട്ട കേന്ദ്രത്തിന് 1,45,11,415 രൂപയും എറണാകുളം കേന്ദ്രത്തിന് 3,29,76,202 രൂപയും ചെലവായിട്ടുണ്ട്. KEL, KELTRON, BSNL എന്നീ സ്ഥാപനങ്ങളാണ് ഇവയുടെ നിർമ്മാണം നടത്തിയിട്ടുള്ളത്.

(ഇ) നിലവിൽ പ്രവർത്തനമാരംഭിച്ച ഓൺലൈൻ സെന്ററുകളിൽ തിരുവനന്തപുരം സെന്ററിൽ 450 പേർക്കും പത്തനംതിട്ട സെന്ററിൽ 200 പേർക്കും എറണാകുളം സെന്ററിൽ 400 പേർക്കും ഒരു ദിവസം പരീക്ഷ എഴുതുവാൻ കഴിയും. ഇവയ്ക്ക് ബി.എസ്.എൻ.എൽ.-ന്റെ സാങ്കേതിക സഹായം ലഭിക്കുന്നുണ്ട്. ഇതിനായി പ്രതിവർഷാടിസ്ഥാനത്തിൽ ചെലവാകുന്ന തുക കണക്കാക്കിയിട്ടില്ല. മറ്റ് സ്ഥാപനങ്ങളെ വാടകയ്ക്ക് ഉപയോഗിക്കുന്നില്ല.